# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ഭൂമിയും വീടുമില്ലാത്ത പട്ടികജാതി/പട്ടികവര്‍ഗ്ഗക്കാര്‍</u>

3925 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പട്ടികവര്‍ഗ്ഗ വിഭാഗത്തിലുള്ളവരുടെ മൊത്തം ജനസംഖ്യ ഏറ്റവും ഒടുവിലത്തെ കണക്കുകള്‍ പ്രകാരം എത്രയാണ്; അതില്‍ സ്ത്രീകള്‍ എത്ര; പുരുഷന്മാര്‍ എത്ര;

(ബി) അതില്‍ പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ടവര്‍ എത്ര;

(സി) പട്ടികവര്‍ഗ്ഗത്തില്‍ എത്ര കുടുംബങ്ങളുണ്ട്;

(ഡി) പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട എത്ര കുടുംബത്തിന് സ്വന്തമായി ഭൂമിയുണ്ട്; വീടുണ്ട്; ഭൂമിയും വീടും ഇല്ലാത്തവര്‍ എത്ര; ഭൂമിയുണ്ടെങ്കിലും വീടില്ലാത്തവര്‍ എത്ര;

(ഇ) 2014 മാര്‍ച്ച് 31 ആകുമ്പോഴേയ്ക്കും പട്ടികവര്‍ഗ്ഗത്തില്‍പ്പെട്ട എത്ര കുടുംബങ്ങള്‍ക്ക് സ്വന്തമായി ഭൂമിയും വീടും ഉണ്ടാകും; അതിനുശേഷം ഭൂമിയും വീടും ഇല്ലാത്തവരായി എത്ര കുടുംബങ്ങള്‍ അവശേഷിക്കും; വിശദമാക്കുമോ ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>സ്വന്തമായി ഭവനം ഇല്ലാത്ത ആദിവാസി കുടുംബങ്ങൾ</u>

3926 ശ്രീ. സി.കെ. നാണു
'' ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ആദിവാസി കുടുംബങ്ങളാണ് നിലവിൽ ഉള്ളത് ;

(ബി) അവയിൽ സ്വന്തമായി ഭവനം ഇല്ലാത്ത എത്ര കുടുംബങ്ങളാണ് ഉള്ളത് ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് വീട് വെച്ച് നൽകുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സ്വന്തമായി വീടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ</u>

3927 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര പട്ടികവർഗ്ഗകുടുംബങ്ങൾ അധിവസിക്കുന്നുണ്ട്;

(ബി) അതിൽ എത്ര പേർക്ക് നിലവിൽ സ്വന്തമായി വീടുണ്ട്; സ്വന്തമായി വീടില്ലാത്ത മുഴുവൻ പേർക്കും വീടുവെച്ചു നൽകുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ആദിവാസി മേഖലയിലെ വികസന പ്രവര്‍ത്തനങ്ങള്‍

3928 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടിക വര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ ക്ഷേമത്തിനായി ഈ സര്‍ക്കാര്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) ആദിവാസി ക്ഷേമത്തിനായി 1.6.2006 മുതല്‍ 31.3.2011 വരെ എത്ര തുക ചെലവഴിച്ചു; വാര്‍ഷികാടിസ്ഥാനത്തില്‍ വിശദാംശം നല്‍കാമോ;

(സി) 1.6.2011 മുതല്‍ 31.3.2014 വരെ ആദിവാസികളുടെ ക്ഷേമത്തിനായി എത്ര തുക ചെലവഴിച്ചു; വാര്‍ഷികാടിസ്ഥാനത്തില്‍ വിശദാംശം നല്‍കാമോ;

(ഡി) പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയിലെ ക്ഷേമത്തിനായി 1.6.2011 മുതല്‍ 31.3.2014 വരെ എന്തെല്ലാം വികസന പ്രവര്‍ത്തനങ്ങള്‍ നടപ്പിലാക്കി; വിശദാംശങ്ങള്‍ നല്‍കാമോ;

(ഇ) 1.6.2011 മുതല്‍ 31.3.2014 വരെയുള്ള കാലയളവില്‍ പാലക്കാട് ജില്ലയില്‍ എത്ര ആദിവാസി കുഞ്ഞുങ്ങള്‍ മരണപ്പെടുകയുണ്ടായി; കാരണം വിശദമാക്കാമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>മിഷൻ 676 - പട്ടികവിഭാഗത്തിന് ഭവന പദ്ധതി</u>

3929 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
'' വി. പി. സജീന്ദ്രൻ
'' കെ. മുരളീധരൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിന് മിഷൻ 676-ൽ ഉൾപ്പെടുത്തി സമ്പൂർണ്ണമായ ഭവന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ;

(സി) എത്രപേർക്ക് വീട് നൽകാനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ ഫണ്ട് ജനമൈത്രി പോലീസിന് വേണ്ടി ചെലവഴിച്ചതിന്റെ വിശദാംശം</u>

3930 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഫണ്ട് (പൂൾഡ് ഫണ്ട്) ജനമൈത്രി പോലീസിന് വേണ്ടി ചെലവഴിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര രൂപ പട്ടികവർഗ്ഗ ഫണ്ടിൽ നിന്നും ജനമൈത്രിയ്ക്ക് നൽകിയെന്ന് വ്യക്തമാക്കാമോ;

(ബി) ജനമൈത്രി പോലീസിന് ലഭിച്ച പ്രസ്തുത ഫണ്ട് ഏതെല്ലാം കാര്യങ്ങൾക്കായി ചെലവഴിച്ചുവെന്ന് ജില്ല, പോലീസ് സ്റ്റേഷൻ എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>കേന്ദ്ര വനാവകാശനിയമപ്രകാരം ആദിവാസികൾക്ക് ഭൂമി</u>

3931 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-ലെ കേന്ദ്ര വനാവകാശനിയമപ്രകാരം എത്ര ആദിവാസി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 2011-12, 2012-13, 2013-14 കാലയളവിൽ ഭൂമി വിതരണം ചെയ്തിട്ടുണ്ട്; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർക്കായി എത്ര എക്കർ ഭൂമി വിതരണം ചെയ്തു; ജില്ലതിരിച്ച് വിതരണം ചെയ്ത ഭൂമിയുടെ അളവ് വിശദമാക്കുമോ;

(സി) ഓരോരുത്തർക്കും എത്ര ഭൂമിയാണ് നൽകിയത്;

(ഡി) വിതരണം ചെയ്ത ഭൂമിയുടെ രേഖ കൈമാറ്റം നടന്നിട്ടുണ്ടോ; എങ്കിൽ രേഖ കൈമാറ്റം ചെയ്തവരുടെ ജില്ല തിരിച്ചുള്ള എണ്ണവും തീയതിയും വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങിനൽകുന്ന പദ്ധതി

3932 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എ.റ്റി ജോർജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു ഭൂമി</u>

3933 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു സ്വന്തമായി ഭൂമി വാങ്ങുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത പദ്ധതി നിലവിൽ വന്നത്; ആയതിന്റെ വിശദാംശങ്ങൾ നല്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഭൂമി വാങ്ങി നല്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിശദാംശങ്ങൾ ഇതിനോടകം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുക ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് പര്യാപ്തമാണോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നല്കുന്ന പദ്ധതി

3934 ശ്രീ. കെ. കെ. ജയചന്ദ്രൻ
'' കെ. രാധാകൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകാൻ പദ്ധതി നടപ്പാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് അവർ തന്നെ ഭൂമി കണ്ടെത്തണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എത്ര പേർ ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് അഴിമതിയ്ക്ക് കാരണമാകും എന്ന ആക്ഷേപത്തിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ ആദിവാസികൾക്ക് ഭൂമി വാങ്ങൽ

3935 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ആദിവാസി വിഭാഗത്തിന് ഭൂമി വാങ്ങുന്നതിനായി 50 കോടി രൂപ അനുവദിച്ചിരുന്നുവോ; എന്നാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിനായി സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഭൂമി വാങ്ങുന്നതിന് സാധിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ടി. എസ്. പി/ കേന്ദ്ര ഫണ്ട്</u>

3936 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി.എസ്.പി/കേന്ദ്രഫണ്ട് എന്നിവ ഉപയോഗിച്ച് ആദിവാസികൾക്ക് വിതരണം ചെയ്യാൻ സംസ്ഥാനത്ത് എവിടെയൊക്ക ഭൂമി വാങ്ങിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരം ഭൂമി ആർക്കെങ്കിലും കൃഷി ചെയ്യുന്നതിനോ മറ്റ് ഇതര ആവശ്യങ്ങൾക്കോ നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് വഴി ആർജിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ ഭൂമി പാട്ടത്തിന് നൽകിയതുവഴി ആദിവാസികളുടെ ക്ഷേമം ഉറപ്പാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 24.06.2014–ലെ മറുപടിക്ക്

<u>ആദിവാസിഭൂമി കൈയ്യേറി ക്വാറിയും എംസാന്റ് പ്ലാന്റും</u>

3937 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏതെങ്കിലും സ്ഥലത്ത് ആദിവാസിഭൂമി കൈയ്യേറി ക്വാറിയും എംസാന്റ് പ്ലാന്റും നടത്തുന്നത് സംബന്ധിച്ച് ട്രൈബൽ ഓഫീസറും റവന്യൂ അധികാരികളും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ആദിവാസി പുനരധിവാസ മിഷൻ

3938 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, കെ.എൻ.എ. ഖാദർ
,, പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ മിഷന്റെ പ്രവർത്തനം മൂലം ആദിവാസികളുടെ ജീവിത സാഹചര്യങ്ങളിൽ ഉണ്ടാക്കിയ മാറ്റം എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മിഷന്റെ പ്രവർത്തനഫലമായി എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമി വീതം വിതരണം ചെയ്തുവെന്നും വിതരണത്തിനുള്ള ഭൂമി കണ്ടെത്തിയ രീതിയും വിധവും എന്താണെന്നും വ്യക്തമാക്കുമോ;

(സി) ഭൂമി ലഭിച്ച പട്ടികവർഗ്ഗക്കാരുടെ അതത് ഭൂമിയിലെ പുനരധിവാസക്കാര്യത്തിൽ കൈവരിക്കാനായ നേട്ടം വിശദമാക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>ആദിവാസി പുനരധിവാസ മിഷന്റെ പ്രവര്‍ത്തനം</u>

3939 ശ്രീ. എ. കെ. ബാലന്‍
,, എസ്. രാജേന്ദ്രന്‍
,, ബി. ഡി. ദേവസ്സി
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആദിവാസി പുനരധിവാസ മിഷന്റെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഭൂരഹിതരമായ ആദിവാസികള്‍ക്ക് ഭൂമി ലഭ്യമാക്കുന്നതിലെ വീഴ്ചകള്‍ പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; ഭൂമി നല്‍കുമ്പോള്‍ ആദിവാസികള്‍ വംശീയമായും സാംസ്കാരികമായും ശിഥിലീകരിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആദിവാസികളുടെ ജീവിതശൈലിയുടെ ഭാഗമായ പല ആചാരങ്ങളും തൊഴിലും അസാദ്ധ്യമാക്കുന്നതരത്തിലാണ് ഇപ്പോള്‍ ഭൂമി ലഭ്യമാക്കുന്നതെന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തില്‍ സര്‍ക്കാര്‍ പ്രഖ്യാപിക്കുന്ന നിര്‍ദ്ദേശങ്ങളില്‍ അപാകതകള്‍ ഉണ്ടെങ്കില്‍ ആയത് തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഭൂരഹിതരായ എല്ലാ ആദിവാസികള്‍ക്കും നിയമാനുസൃതമായ ഭൂമി എന്നത്തേയ്ക്ക് നല്‍കാന്‍ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; അവശേഷിക്കുന്ന ഭൂരഹിത ആദിവാസികള്‍ എത്രയാണെന്നും അവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ ഭൂമി എത്രയാണെന്നും ഇതിനായി ഇതിനകം എത്ര ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നുമുള്ള കണക്കുകള്‍ ലഭ്യമാണോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ബാലാവകാശ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കൽ</u>

3940 ഡോ. കെ.ടി ജലീൽ
ശ്രീമതി കെ.കെ. ലതിക
ശ്രീ. ആർ. രാജേഷ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാലാവകാശ കമ്മീഷൻ വിവിധ ആദിവാസി മേഖലകൾ സന്ദർശിച്ച് കുട്ടികളുടെ ആരോഗ്യപ്രശ്നങ്ങളും വിദ്യാഭ്യാസപരമായ അവസ്ഥകളും വിലയിരുത്തി നല്കിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ റേഷൻ വിതരണം ശരിയായ രീതിയിൽ നടക്കുന്നില്ല എന്ന് കമ്മീഷന് ലഭിച്ച പരാതിന്മേൽ അടിയന്തര പരിഹാരം കാണണമെന്ന കമ്മീഷൻ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ട്രൈബൽ ഹോസ്റ്റലിലെ ശുചിത്വമില്ലായ്മയും മറ്റ് സൗകര്യക്കുറവുകളും കുട്ടികളിൽ രോഗങ്ങൾ പടർന്നു പിടിക്കാൻ കാരണമാകുന്നുവെന്ന പരാതി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>ആദിവാസി പെണ്‍കുട്ടിയെ ഭൂ ഉടമ ബലാല്‍സംഗം ചെയ്തു കൊലപ്പെടുത്തിയ സംഭവം</u>

3941 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ചിറ്റൂര്‍ മീനാക്ഷിപുരത്ത് ആദിവാസി പെണ്‍കുട്ടിയെ ഭൂ ഉടമ ബലാല്‍സംഗം ചെയ്തു കൊലപ്പെടുത്തിയത് വകുപ്പിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ എപ്പോഴാണ് ശ്രദ്ധയില്‍പ്പെട്ടത്;

(ബി) വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥര്‍ പ്രസ്തുത കുടുംബത്തെ സന്ദര്‍ശിച്ച് വിവരങ്ങള്‍ ആരാഞ്ഞിരുന്നോ; എങ്കില്‍ ആരാണ് സന്ദര്‍ശിച്ചത്; എന്നാണ് സന്ദര്‍ശിച്ചത്;

(സി) പ്രസ്തുത സംഭവം ശ്രദ്ധയില്‍പ്പെട്ടതിനെ തുടര്‍ന്ന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം തരത്തിലുള്ള സംരക്ഷണവും സഹായവുമാണ് ആ കുടുംബത്തിന് നല്‍കിയതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിശീലനം</u>

3942 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടിക വർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതി</u>

3943 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പട്ടികവർഗ്ഗക്കാരായ സ്ത്രീകളുടെ ശാക്തീകരണത്തിന് പദ്ധതി എത്രമാത്രം ഗുണകരമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ യുവതികളുടെ വിവാഹത്തിനു ധനസഹായം</u>

3944 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ യുവതികളുടെ വിവാഹത്തിന് എത്ര തുകയാണ് ധനസഹായമായി നൽകുന്നത്;

(ബി) 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര തുക വകയിരുത്തുകയുണ്ടായി;

(സി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും ഓരോ ജില്ലയിലും എത്ര പേർക്ക് ആനുകൂല്യം നൽകിയെന്നും ഓരോ വർഷവും എത്ര തുക ചെലഴിച്ചുവെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>ജനനി ജന്മരക്ഷാ പദ്ധതിയിലെ ഗുണഭോക്താക്കൾ</u>

3945 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ജനനി ജന്മരക്ഷാ പദ്ധതി പ്രകാരം ഒരാൾക്ക് എത്ര രൂപയാണ് മാസം തോറും വിതരണം ചെയ്യുന്നത്;

(ബി) എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗവിഭാഗത്തിനുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ</u>

3946 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പട്ടികവർഗ്ഗവിഭാഗത്തിന് എന്തെല്ലാം വ്യക്തിഗത ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഏതെല്ലാം വ്യക്തിഗത ആനുകൂല്യങ്ങൾ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(സി) ഈയിനത്തിൽ നാളിതുവരെ എന്തുതുക ചെലവഴിച്ചെന്ന് വിശദമാക്കാമോ;

(ഡി) നിലവിൽ വ്യക്തിഗത ആനുകൂല്യ ഇനത്തിലുള്ള ഓരോ മാസത്തെയും കുടിശ്ശിക ഓരോന്നിലും എത്ര വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) കുടിശിക നൽകാൻ എന്തുതുക വേണമെന്നും എന്ന് കുടിശിക തീർക്കുമെന്നും വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>ആദിവാസി മേഖലയിൽ മെച്ചപ്പെട്ട ആരോഗ്യ പരിപാലനം</u>

3947 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ടവരുടെ ചികിത്സാ ധനസഹായ തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ആദിവാസി മേഖലയിൽ മെച്ചപ്പെട്ട ആരോഗ്യപരിപാലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ;

(സി) പട്ടികവർഗ്ഗ ക്ഷേമത്തിന് കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകൾ സ്ഥിരമായി സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

ആദിവാസികൾക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതി

3948 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് പൂർണ്ണ സൗജന്യ ചികിത്സ നൽകുന്നതിനായി ആവിഷ്ക്കരിച്ച സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എത്ര ആദിവാസികൾക്ക് അതിന്റെ പ്രയോജനം ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രികളിൽ എത്തുന്ന ആദിവാസികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അധ്യാപക നിയമനം</u>

3949 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ അധ്യാപക നിയമനം പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന യോഗ്യതയുള്ള മിനിസ്റ്റീരിയൽ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) അധ്യാപക യോഗ്യതയുള്ള എത്ര മിനിസ്റ്റീരിയൽ ജീവനക്കാർ വകുപ്പിന് കീഴിൽ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സ്വന്തമായി വാഹനമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ</u>

*3950 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. ശശി
ശ്രീമതി. ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനു കീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കുളുകളുണ്ട്; ഇതിൽ സ്വന്തമായി വാഹനങ്ങളില്ലാത്ത എത്ര സ്ഥാപനങ്ങളുണ്ട്; തന്മൂലം കട്ടികളെ ആശുപത്രികളിൽ കൊണ്ടു പോകുന്നതുപോയെുള്ള കാര്യങ്ങളിൽ പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ വാഹനങ്ങൾ ഇല്ലാത്ത സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വിശദമാക്കുമോ;

(സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചവെന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ</u>

3951 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത കുട്ടികൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹോസ്റ്റലുകളിലെ കുട്ടികളുടെ ആരോഗ്യം പൂർണ്ണമായും സംരക്ഷിക്കുന്നവിധം ശുചിത്വം ഉറപ്പാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഹോസ്റ്റലുകളിലെ അന്തേവാസികളായ കുട്ടികൾക്ക് നിയമാനുസരണം എല്ലാവിധ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ കാലാകാലങ്ങളിൽ മേലധികാരികൾ ആവശ്യമായ പരിശോധനകൾ നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>ഗോത്രസാരഥി പദ്ധതി</u>

3952 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളിൽ നിന്നും വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനായി ആരംഭിച്ച ഗോത്ര സാരഥി പദ്ധതി ആരംഭിച്ചതെപ്പോഴാണ്:

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ഓരോ വർഷവും വകയിരുത്തിയ തുക എത്രയാണ്;

(സി) ഗോത്രസാരഥി പദ്ധതി പ്രകാരം ആദിവാസി ഊരുകളിലെ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുവാൻ എത്ര വാഹനങ്ങൾ വീതം ഉപയോഗിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ:

(സി) പ്രസ്തുത പദ്ധതി പ്രകാരം വാഹനങ്ങളുടെ വാടകയിനത്തിൽ എത്ര തുക കുടിശ്ശികയുണ്ടെന്നു ജില്ലതിരിച്ച് വിശദാംശം നൽകാമോ ?

# കേരള നിയമസഭ
# 24.06.2014-ലെ മറുപടിക്ക്

<u>കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായ പദ്ധതി</u>

3953 ശ്രീ. ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവങ്ങളിൽ പങ്കെടുക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) ഏത് വർഷം മുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

വെറ്റിലപ്പാറ ഗവണ്‍മെന്റ് ഹയര്‍ സെക്കന്ററി സ്കൂള്‍, വാഴച്ചാല്‍ യു.പി.എസ്സ്. എന്നിവിടങ്ങളില്‍ ഗോത്ര സാരഥി പദ്ധതി

3954 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ ഗവണ്‍മെന്റ് ഹയര്‍സെക്കന്ററി സ്കൂള്‍, വാഴച്ചാല്‍ യു.പി.എസ്. എന്നിവിടങ്ങളിലെ പട്ടികവര്‍ഗ്ഗവിഭാഗത്തില്‍പ്പെട്ട വിദ്യാര്‍ത്ഥികള്‍ക്കായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുവാന്‍ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>അയ്യിലൂർ പട്ടികവർഗ്ഗ ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം</u>

3955 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ അയ്യിലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോസ്റ്റൽ കെട്ടിടം പണിയുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) നിർദ്ധനരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം പണിയാൻ അടിയന്തരമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാന യൂത്ത് കമ്മീഷൻ പ്രവർത്തനം</u>

3956 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യൂത്ത് കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മീഷൻ അംഗങ്ങളായി നിയോഗിക്കപ്പെട്ടവരുടെ പേരുവിവരം നല്കാമോ;

(സി) പ്രസ്തുത കമ്മീഷൻ ആസ്ഥാനം എവിടെയാണ്; കേന്ദ്ര ഓഫീസിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടോ; ഓഫീസ് മേൽവിലാസം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കമ്മീഷൻ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

**കേരള നിയമസഭ**
**24.06.2014-ലെ മറുപടിക്ക്**

<u>ഡി. റ്റി. പി, പി. എസ്. സി ഓൺലൈൻ പരിക്ഷകൾക്കു പരിശീലനം</u>

3957 ശ്രീ. ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവു കളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഡി. റ്റി.പി, പി. എസ്. സി. ഓൺലൈൻ പരീക്ഷ എന്നിവയ്ക്ക് പരിശീലനം നൽകുന്ന പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരിപാടി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) അതിനായി എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ആരെല്ലാമാണെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

യുവജനക്ഷേമബോർഡിന്റെ ഭാരതദർശൻ യാത്ര

3958 ശ്രീ.പി. സി. വിഷ്ണുനാഥ്
,, വി.റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമബോർഡ് ഭാരതദർശൻ യാത്രയ്ക്കു രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഇതിനായി ആരെയെല്ലാമാണ് തിരഞ്ഞെടുക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>സ്വയംതൊഴിൽ പരിശീലന ബോധവല്ക്കരണം</u>

3959 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്വയംതൊഴിൽ പരിശീലനത്തിനും ബോധവൽക്കരണ ക്യാമ്പയിനുകൾക്കും രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇതു സംബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 24.06.2014-ലെ മറുപടിക്ക്

<u>വ്യവസായ സംരംഭകത്വ വികസന പദ്ധതി</u>

3960 ശ്രീ. വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) യുവജനങ്ങളിൽ സംരംഭകത്വ കഴിവ് വളർത്താൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം,
2014 ജൂൺ 15.

പി. ഡി. ശാരംഗധരൻ,
സെക്രട്ടറി.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.